## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4442** **20.10.2011-ൽ മറുപടിക്ക്.**

### അധിക വിമാനയാത്രക്കൂലി കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) | |
| (എ) | ഗൾഫിലേക്കുള്ള വിമാനയാത്രക്കൂലി അമിതമായി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അമിത വിമാനയാത്രക്കൂലി കുറയ്ക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ബി) | പ്രവാസികളായ മലയാളികൾ ഓണം, റംസാൻ, ക്രിസ്തുമസ്സ് മുതലായ സീസണുകളിൽ നാട്ടിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന അവസരങ്ങളിൽ വിമാനകമ്പനികൾ ഗൾഫിലേക്കും മറ്റും ഉള്ള യാത്രാനിരക്ക് ഭീമമായി വർദ്ധിപ്പിക്കുന്ന നടപടി നിറുത്തലാക്കണമെന്ന് സംസ്ഥാന സർക്കാർ തുടർച്ചയായി കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടു വരുന്നു. പ്രവാസികളായ മലയാളികൾ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്ഘടനയ്ക്ക് നല്കുന്ന സംഭാവന വളരെ വലുതാണെന്നും അതിനാൽ അവരുടെ താല്പര്യങ്ങളും, ബുദ്ധിമുട്ടുകളും പരിഗണിക്കേണ്ടതാണെന്നും ഭൂരിഭാഗം പ്രവാസികളായ മലയാളികളും, തൊഴിലാളികളാണെന്നും, ഓണം, റംസാൻ, ക്രിസ്തുമസ് സീസണുകളിൽ എയർലൈനുകൾ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നത് അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നെന്നും, അതിനാൽ ടി സീസണുകളിലുള്ള നിരക്ക് വർദ്ധന പിൻവലിച്ച് യാത്രാനിരക്കിന് ഒരു |

| | | | |
|---|---|---|---|
| | | | ഏകീകൃത വ്യവസ്ഥ നടപ്പിലാക്കണമെന്നും, സീസണുകൾക്കതീതമായി യാത്രാനിരക്ക് യുക്തിസഹവും സാധാരണക്കാർക്ക് താങ്ങാനാവുന്നതുമായ രീതിയിൽ യാത്രാനിരക്കിന്റെ ഉയർന്ന നിരക്കിനും കുറഞ്ഞ നിരക്കിനും പരിധി നിശ്ചയിക്കണമെന്നും അടുത്ത സീസണുകൾക്ക് മുൻപ് ഇക്കാര്യത്തിൽ പരിഹാരം ലഭിക്കുന്ന തരത്തിൽ നടപടി സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ ഏറ്റവും അവസാനമായി 11.10.2011 ലെ 12210/ഡി2/11/ട്രാൻ നമ്പർ കത്ത് പ്രകാരം കേന്ദ്ര വ്യോമയാനമന്ത്രാലയ സെക്രട്ടറിയോടും എയർഇൻഡ്യയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ